09/11/2024

SATURDAY

ശനിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA


**Chief Editor: Nizam S A** **Editor: Dr. Binu Harriet Ivan**



**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 09/11/2024

1. സംസ്ഥാനത്ത് ജൈവവളം ഉൽപ്പാദിപ്പിച്ച് വിതരണം നടത്തുന്ന എല്ലാ ഡീലർമാരും അവരവരുടെ ജൈവ വളം സാമ്പിളുകൾ കാർഷിക സർവകലാശാലയുടെ കീഴിൽ തിരുവനന്തപുരം വെള്ളായണിയിൽ പ്രവർത്തിക്കുന്ന കോളേജ് ഓഫ് അഗ്രിക്കൾച്ചറിൻ്റെ ഡിപ്പാർട്മെൻ്റ് ഓഫ് സോയിൽ സയൻസ് ആൻഡ് അഗ്രിക്കൾച്ചറൽ കെമിസ്ട്രിയിൽ പ്രവർത്തിച്ചു വരുന്ന ലാബിൽ 2024 ഡിസംബർ 31 നു മുൻപ് എത്തിച്ച് പരിശോധന വിധേയമാക്കേണ്ടതാണ് എന്ന് കൃഷി അഡിഷണൽ ഡയറക്ടർ (സി പി) അറിയിക്കുന്നു

2. കേന്ദ്ര കൃഷിമന്ത്രാലയത്തിനു കീഴിൽ പ്രവർത്തിക്കുന്ന പ്രൊട്ടക്ഷൻ ഓഫ് പ്ലാൻ്റ വെറൈറ്റീസ് ആൻഡ് ഫാർമേഴ്സ് റൈറ്റ്സ് അതോറിറ്റി 2023-24 വർഷത്തെ പ്ലാൻ്റ് ജീനോം സേവിയർ കമ്യൂണിറ്റി അവാർഡ് /ഫാർമർ റിവാർഡ് & റെക്കഗ്നീഷൻ പുരസ്കാരത്തിന് അപേക്ഷ ക്ഷണിച്ചു. 3 വിഭാഗങ്ങളിലാണ് അവാർഡ്. അപേക്ഷ www. plantauthority.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. അവസാന തീയതി 2025 ജനുവരി 15.

3. ആടു വസന്ത അഥവാ PPR എന്ന രോഗത്തിനെതിരെ ആടുകള്ക്കും, ചെമ്മരിയാടുകള്ക്കും പ്രതിരോധ കുത്തിവയ്പ് സംസ്ഥാനത്തുടനീളം നവംബർ 18 വരെ ദീർഘിപ്പിച്ചു. കേരളത്തിലെ പതിമൂന്നര ലക്ഷത്തോളം വരുന്ന ആടുകൾക്ക് PPR പ്രതിരോധ കുത്തിവയ്പ് നൽകുന്നതാണ്. മൃഗസംരക്ഷണ വകുപ്പിലെ വെറ്ററിനറി ഡോക്ടർമാരുടെ മേൽനോട്ടത്തിൽ അസിസ്റ്റൻ്റ് ഫീൽഡ് ഓഫീസേഴ്സ്, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടേഴ്സ് എന്നിവർ വീടു വീടാന്തരം എത്തി പ്രതിരോധ കുത്തിവയ്പ്പ് നൽകുകയും കുത്തിവയ്പ്പിൻ്റെ വിവരങ്ങൾ കൃത്യമായി ശേഖരിച്ചു റിപ്പോർട്ട് ചെയ്യുന്നതുമായിരിക്കും. ഇത് സംബന്ധിച്ച ഡാറ്റാ ശേഖരണം ദേശീയതലത്തിലുള്ള ഭാരത് പശുധൻ പോർട്ടൽ മുഖേനയാണ്. രാജ്യത്തു

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നിന്നും PPR എന്ന ആടുവസന്ത രോഗം 2030 ഓടുകൂടി ഇല്ലാതാക്കാനാണ് PPR Eradication Programme കൊണ്ട് കേരള സർക്കാർ ഉദ്ദേശിക്കുന്നത്. ഈ വാക്സിനേഷന് തികച്ചും സൗജന്യമായാണ് നൽകുന്നത്.

4. പരമ്പരാഗത റബ്ബർകൃഷി മേഖലകളിൽ 2023, 2024 വർഷങ്ങളിൽ ആവർത്തനക്കൃഷിയോ പുതുക്കൃഷിയോ നടത്തിയ റബ്ബർകർഷകർക്ക് ധനസഹായത്തിന് അപേക്ഷിക്കാം. കേന്ദ്ര ഗവണ്മെന്റിന്റെ 'സർവ്വീസ് പ്ലസ്' എന്ന വെബ് പോർട്ടലിലൂടെ നവംബർ 30 വരെ ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കാം. 'സർവ്വീസ് പ്ലസ്' പോർട്ടലിലേക്ക് റബ്ബർബോർഡ് വെബ് സൈറ്റിലെ ഇ സർവീസസ് മെനു വഴി ലോഗിൻ ചെയ്യാം. അപേക്ഷയോടൊപ്പം ആധാർകാർഡ്, സ്ഥലത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്നതിന് വില്ലേജ് ഓഫീസിൽ നിന്നുള്ള കൈവശാവകാശ സർട്ടിഫിക്കറ്റ്, കൃഷിചെയ്ത സ്ഥലത്തിന്റെ അതിരുകൾ രേഖപ്പെടുത്തിയ സ്കെച്ച്, ആധാറുമായി ബന്ധപ്പെടുത്തിയ ബാങ്ക് അക്കൗണ്ടിന്റെ (പാസ് ബുക്ക്) കോപ്പി, തൈ വാങ്ങിയതിന്റെ ബില്ല് തുടങ്ങിയവ അപ്‌ലോഡ് ചെയ്യേണ്ടതാണ്. ഹെക്ടർപ്രതി 40,000 രൂപയാണ് ധനസഹായം. വിശദവിവരങ്ങൾ www.rubberboard.gov.in എന്ന വെബ്സൈറ്റിൽ നിന്ന് ലഭിക്കും. കൂടുതൽ വിവരങ്ങൾ റബ്ബർബോർഡ് റീജിയണൽ ഓഫീസുകൾ, ഫീൽഡ് സ്റ്റേഷനുകൾ, കേന്ദ്രഓഫീസിൽ പ്രവർത്തിക്കുന്ന കോൾസെന്റർ (04812576622) എന്നിവിടങ്ങളിൽനിന്ന് ലഭിക്കുന്നതാണ്.

5. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ വാഴക്കർഷകർക്കായി കയറ്റുമതി അധിഷ്ഠിത കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്ന പദ്ധതി നടപ്പാക്കുന്നു. കൃഷിപ്പണികൾക്കും ഹെക്ടറിനു 35,000 രൂപ സഹായം നൽകുന്നു. വിശദ വിവരങ്ങൾക്ക് ഫോൺ നമ്പർ 0471-2330857.

6. സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ "സിവിൽ എഞ്ചിനീയർ" തസ്തികയിലേയ്ക്ക് കരാർ നിയമനത്തിനായി ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. വിദ്യാഭ്യാസ യോഗ്യത, തൊഴിൽ പരിഞ്ജാനം, മറ്റ് പ്രധാന വിശദാംശങ്ങൾക്കുമായി www.kepco.co.in & www.kepconews.blogspot.com വെബ് പോർട്ടൽ സന്ദർശിക്കുക.

7. കേരസുരക്ഷ നവംബർ 15 വരെ നാളികേര വികസന ബോർഡിൻ്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന **കേരസുരക്ഷ ഇൻഷുറൻസ് പദ്ധതിയിൽ അപേക്ഷ നവംബർ 15** വരെ സമർപ്പിക്കാം. 94 രൂപയാണ് പ്രീമിയം. കൂടുതൽ വിവരങ്ങൾക്ക് 0484 2377266 എക്സ്റ്റെൻഷൻ 104 എന്ന നമ്പറിൽ നാളികേര വികസന ബോർഡിന്റെ സ്റ്റാറ്റിസ്റ്റിക്കൽ വിഭാഗവുമായി ബന്ധപ്പെടുക.

**പരിശീലന പരിപാടി**

8. കേരള കാർഷികസർവകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷിവിജ്ഞാന കേന്ദ്രത്തിൽ 'പൗൾട്രി മാനേജ്മെന്റ്' (കോഴി, കാട, താറാവ് വളർത്തൽ) എന്ന വിഷയത്തിൽ 2024 നവംബർ 15ന് ഏകദിന പരിശീലന പരിപാടി നടത്തുന്നു. പരിശീലന ഫീസ് 300 രൂപ. താല്പര്യമുള്ളവർ 9400483754 എന്ന ഫോൺ നമ്പറിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്

9. റബ്ബർപാലിൽനിന്നുള്ള ഉത്പന്നനിർമ്മാണത്തിൽ റബ്ബർബോർഡ് പരിശീലനം നൽകുന്നു. റബ്ബർ പാൽ കോമ്പൗണ്ടിങ്; ഉത്പന്നങ്ങളുടെ രൂപകൽപന; ഗുണമേന്മാനിയന്ത്രണം; മാർക്കറ്റിങ് ഉത്പന്നങ്ങളുടെ നിർമ്മാണം എന്നിവയിലുള്ള

പരിശീലനം നവംബർ 25 മുതൽ 29 വരെ കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ വച്ച് നടക്കും. പരിശീലന ഫീസ് 5900 രൂപ.( ജി എസ്ടി ഉൾപ്പെടെ) കൂടുതൽ വിവരങ്ങൾക്ക് **04812353201** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടേണ്ടതാണ്. E-mail:training@rubberboard.org.in

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം